# ആകാശത്തിലെ പറവകൾ

ഡോ: സന്തോഷ് മോഹൻ

'ആകാശത്തിലെ പറവകൾ' എന്ന സിനിമയുടെ പരസ്യങ്ങളിൽ 'ഈ ചിത്രത്തിന്റെ സൂപ്പർ ക്ലൈമാക്സ് കാണാൻ മറക്കല്ലേ' യെന്ന് നായകനായി അഭിനയിക്കുന്ന കലാഭവൻ മണി അഭ്യർത്ഥിക്കുന്നുണ്ട്. ഈ അഭ്യർത്ഥന (അതോ വിലാപമോ?) നിരസിക്കുന്നത് മണി എന്ന അർപ്പണ ബോധമുള്ള നടനോട് ചെയ്യുന്ന അപരാധമായിരിക്കും. കാരണം അത്രയേറെ കഷ്ടപ്പെട്ടാണ് 'ആകാശത്തിലെ പറവകളു'ടെ 20 മിനിട്ടോളം നീളുന്ന ക്ലൈമാക്സ് രംഗങ്ങളിൽ മണി അഭിനയിച്ചിരിക്കുന്നത്.



എം. വിജയൻ, കലാഭവൻ

മണിയുടെ നടപ്പും, ചാട്ടവും, മണ്ണിൽ കിടന്നുള്ള ഉഴച്ചിലും നാക്കിന്റെ ചലനങ്ങളുമെല്ലാം പേപ്പട്ടിയെ ശരീരത്തിലേക്കാവാഹിച്ച ഒരു നടന്റെ മികച്ച അഭിനയസിദ്ധിയെത്തന്നെയാണ് കാട്ടിത്തരുന്നത്. പക്ഷേ ഈ ക്ലൈമാക്സ് കാണാൻ വേണ്ടി മാത്രം രണ്ടേക്കാൽ മണിക്കൂർ നേരം പ്രേക്ഷകർ ചെലഴിക്കേണ്ടതാണോ എന്നിടത്താണ് 'ആകാശത്തിലെ പറവകൾ' എന്ന സിനിമയുടെ ദൗർബല്യങ്ങൾ.

മണിക്ക് സമീപകാലത്തു കൈവന്ന നായകപരിവേഷത്തെയും കഥാപാത്രങ്ങൾക്കുവേണ്ടി എന്തും കാട്ടാൻ തയ്യാറാവുന്ന അദ്ദേഹത്തിന്റെ ആത്മാർത്ഥതയും ചൂഷണം ചെയ്യാനുറച്ചുതന്നെയാണ് 'ഉടുമ്പുവാസു' എന്ന കഥാപാത്രത്തെ രൂപപ്പെടുത്തിയിരിക്കുന്നത്. ഒരു പട്ടിപ്പിടുത്തക്കാരന്റെ പേ പിടിച്ചുള്ള മരണം എന്ന ത്രെഡ്ഡിൽ നിന്ന് വികസിപ്പിച്ചെടുക്കുന്ന കഥ പക്ഷേ അവിശ്വസനീയതകളുടേയും അനൗചിത്യങ്ങളുടേയും അതിഭാവുകത്വത്തിന്റേയും കെട്ടുകാഴ്ചയായി മാറുകയാണ്.

ചന്ദനക്കുന്ന് പഞ്ചായത്തിലെ രൂക്ഷമായ പേപ്പട്ടി ശല്യത്തെ തടുക്കുവാനാണ് ഉടുമ്പുവാസു അവിടേക്ക് ക്ഷണിക്കപ്പെടുന്നത്. വാസുവിന് തങ്ങാനിടം കിട്ടുന്നത് നായികയായ 'ശ്രീദേവി'യുടെ വീട്ടിൽ. ശ്രീദേവിയുടെ കുടുംബം തകർത്ത വാളയാർ മാണിക്യൻ എന്ന വില്ലനായി വരുന്നത് ഫുട്ബോളർ ഐ. എം. വിജയനാണ്. മുഖത്തെ സ്ഥായിയായ പരുക്കൻ ഭാവമല്ലാതെ അഭിനേതാവെന്ന നിലയിൽ സമ്പൂർണ്ണ പരാജയമാണ് താനെന്ന് ഒരിക്കൽ കൂടി വിജയൻ തെളിയിച്ചു.

കഥയിൽ മുഴച്ചുനിൽക്കുന്ന കഥാപാത്രമാണെങ്കിലും ജഗതിയുടെ പഞ്ചായത്ത് അംഗം പ്രേക്ഷകർക്ക് നൽകുന്ന ആശ്വാസം തെല്ലൊന്നുമല്ല. യുക്തികൊണ്ടാകട്ടെ വൈകാരികാംശം കൊണ്ടാവട്ടെ ആകർഷണീയമല്ലാത്ത രംഗങ്ങൾക്കിടയിൽ ജഗതിയുടെ പ്രകടനം ചിലപ്പോഴെങ്കിലും നിർദ്ദോഷമായ ചിരിക്ക് വക തരുന്നുണ്ട്.

മണി എന്ന നടൻ ഇനി എന്തു ചെയ്യും എന്ന ചോദ്യമാണ് ഈ ചിത്രത്തിന്റെ ഒടുവിൽ അവശേഷിക്കുന്നത്. മന്ദബുദ്ധി, അന്ധൻ, ഭ്രാന്തൻ എന്നിങ്ങനെയുള്ള 'കാരിക്കേച്ചർ' കഥാപാത്രങ്ങളുടെ അതിഭാവുകത്വത്തിൽ തളച്ചിടപ്പെടേണ്ട നടനല്ല മണി. ബോക്സോഫീസ് വിജയം ഏതൊരു സിനിമയേയും പോലെ ഒരു അഭിനേതാവിന്റേയും സാഫല്യങ്ങളിലൊന്നാണ്. പക്ഷേ തന്റെ കഴിവുകളും അർപ്പണബോധവും 'ആകാശത്തിലെ പറവകൾ' പോലുള്ള മൂന്നാംകിട സിനിമകൾക്കായി പണയം വയ്ക്കേണ്ടതുണ്ടോ എന്ന് മണി ചിന്തിക്കേണ്ടിയിരിക്കുന്നു.